REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 30-07-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- വയനാട് മുണ്ടക്കൈ ടൗണിലും ചൂരൽ മലയിലും വൻ ഉരുൾപൊട്ടലിൽ മരിച്ചവരുടെ എണ്ണം 49 ആയി. ചാലിയാർ പുഴയിലും മൃതദേഹങ്ങൾ ഒഴുകിയെത്തി. ഊർജ്ജിത രക്ഷാപ്രവർത്തനത്തിന് സൈന്യം ഉൾപ്പെടെ രംഗത്ത്.
- ദുരന്തത്തിൽ രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും ഉൾപ്പെടെ അനുശോചിച്ചു.
- കേരളത്തിന് എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി. മനുഷ്യസാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- വടക്കൻ കേരളത്തിൽ പലയിടത്തും ഉരുൾ പൊട്ടൽ.
- വള്ളത്തോൾ നഗറിനും വടക്കാഞ്ചേരിക്കുമിടയിൽ റെയിൽപ്പാളത്തിൽ വൻ വെള്ളക്കെട്ടായതിനാൽ ഇന്ന് ഏതാനും ട്രെയിനുകൾ പൂർണമായും, ചില ട്രെയിനുകൾ ഭാഗികമായും റദ്ദാക്കിയതായി റെയിൽവെ.
- സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു. കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ചുവപ്പു ജാഗ്രത.
- ഉപതിരഞ്ഞെടുപ്പ് നടക്കുന്ന 49 തദ്ദേശ വാർഡുകളിൽ വോട്ടെടുപ്പ് പുരോഗമിക്കുന്നു.

## വാർത്തകൾ വിശദമായി

**വയനാട് മുണ്ടക്കൈ ടൗണിലും ചൂരൽ മലയിലും വൻ ഉരുൾപൊട്ടലിൽ മരിച്ചവരുടെ എണ്ണം 41 ആയി. ഇവരിൽ 3 കുട്ടികളും ഉൾപ്പെടുന്നു.**

പരുക്കേറ്റ 70 പേരെ ആശുപത്രികളിൽ പ്രവേശിപ്പിച്ചു. മുണ്ടക്കൈ, അട്ടമല, ചൂരൽമല എന്നിവിടങ്ങളിൽ പുലർച്ചെ 2 മണിയോടെയാണ് ദുരന്തമുണ്ടായത്. നാലിനും ആറിനും വീണ്ടും ഉരുൾപൊട്ടലുണ്ടായി. രക്ഷാ- ദുരിതാശ്വാസ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിക്കുന്നു.

രക്ഷാ പ്രവർത്തനം അതീവ ദുഷ്കരമായി തുടരുകയാണെന്ന് ദൗത്യ സംഘം വ്യക്തമാക്കി. മുണ്ടക്കൈയും അട്ടമലയും പൂർണമായി ഒറ്റപ്പെട്ട നിലയിലാണ്. ഇരുമേഖലകളിലുമായി നാനൂറോളം കുടുംബങ്ങളാണ് ഒറ്റപ്പെട്ട് പോയത്.

അപകടത്തിന്റെ കൂടുതൽ വിവരങ്ങൾ പറയാറായിട്ടില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻപറഞ്ഞു . പ്രധാനമന്ത്രിയും ലോക്സഭയിലെ പ്രതിപക്ഷ നേതാവും വിളിച്ചുവെന്നും, എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. ആളുകൾക്ക് കൃത്യമായി ഇപ്പോഴും അവിടെ എത്തിപ്പെടാൻ കഴിഞ്ഞിട്ടില്ല. വ്യോമസേന ഉൾപ്പെടെ എല്ലാ സന്നാഹങ്ങളും അവിടേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഫലപ്രദമായി കാര്യങ്ങൾ നീക്കാൻ പറ്റുമെന്നാണ് കരുതുന്നത്. ഇപ്പോൾ കാര്യങ്ങൾ കൃത്യമായി പറയാൻ പറ്റാത്ത അവസ്ഥയുണ്ട്. കുറച്ചുകൂടി കഴിഞ്ഞാൽ കാര്യങ്ങളെല്ലാം വ്യക്തമാവുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

വയനാട്ടിലെ വൻദുരന്തത്തിൽ നിരവധി പേർക്ക് ജീവൻ നഷ്ടമായതിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും വേദനയറിയിച്ചു. മരിച്ചവരുടെ കുടുംബാംഗങ്ങളെ രാഷ്ട്രപതി അനുശോചനമറിയിച്ചു. പരിക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കട്ടെയെന്നും, രക്ഷാപ്രവർത്തനങ്ങൾ വിജയിക്കട്ടെയെന്നും പ്രാർത്ഥിക്കുന്നതായും രാഷ്ട്രപതി എക്സിൽ കുറിച്ചു.

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിന് സാധ്യമായ എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി. ഉരുൾപൊട്ടലിൽ പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ട എല്ലാവരുടെയും കൂടെയാണ് തന്റെ മനസും പ്രാർത്ഥനകളും എന്ന് പ്രധാനമന്ത്രി പറഞ്ഞു . മുഖ്യമന്ത്രി പിണറായി വിജയനോട് സംസാരിച്ചെന്നും നിലവിലെ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ

കേന്ദ്രത്തിൽ നിന്ന് സാധ്യമായ എല്ലാ സഹായവും ഉറപ്പുനൽകിയെന്നും പ്രധാനമന്ത്രി എക്സിൽ കുറിച്ചു.

ദുരന്തത്തിൽ മരിച്ചവരുടെ കുടുംബാംഗങ്ങളെ പ്രധാനമന്ത്രി അനുശോചനം അറിയിച്ചു. മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകുമെന്നും പ്രധാനമന്ത്രി പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് 50,000 രൂപ വീതം നൽകും.

വയനാട് ദുരന്തത്തിൽ ആഭ്യന്തര മന്ത്രി അമിത്ഷായും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗും ആരോഗ്യമന്ത്രി ജെ.പി നദ്ദയും അനുശോചിച്ചു. NDRF സംഘം യുദ്ധകാലാടിസ്ഥാനത്തിൽ രക്ഷാ - ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുകയാണെന്ന് അമിത്ഷാ എക്സ് പോസ്റ്റിൽ അറിയിച്ചു.

ദുരന്തത്തിന് ഇരകളായ കുടുംബങ്ങളുടെ ദുഖത്തിൽ പങ്കു ചേരുന്നതായി രാജ്നാഥ് സിംഗ് എക്സ് പോസ്റ്റിൽ പറഞ്ഞു.

ദുരന്തത്തിൽ ദുഖമറിയിച്ച ജെ.പി നദ്ദ രക്ഷാ പ്രവർത്തനത്തിൽ പങ്കെടുക്കാൻ ബി.ജെ.പി സംസ്ഥാന നേതാക്കൾക്ക് നിർദ്ദേശം നൽകിയതായും അറിയിച്ചു.

✪✪✪

മലപ്പുറം പോത്തുകൽ ചാലിയാർ പുഴയിൽ നിന്ന് 10 മൃതദേഹങ്ങൾ കണ്ടെത്തി. ചാലിയാറിൽ നിന്ന് കണ്ടെത്തിയ മൃതദേഹങ്ങളുടെ എണ്ണം വയനാട് ദുരന്തത്തിൽ കണ്ടെത്തുന്ന മൃതദേഹങ്ങളുടെ എണ്ണത്തിൽ ഉൾപെടുത്തിയിട്ടില്ല. മനുഷ്യരുടെ കൈകളും കാലുകളും ശരീര ഭാഗങ്ങളും പുഴയുടെ വിവിധയിടങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. കുഞ്ഞിന്റെ ഉൾപ്പെടെ മൂന്ന് മൃതദേഹങ്ങളാണ് നിലമ്പൂർ പോത്തുകല്ലിൽ കരക്കടിഞ്ഞത്.

ഭൂതാനം മച്ചികുഴിയിൽനിന്നു സ്ത്രീയുടെ മൃതദേഹം കണ്ടെത്തി.

പോത്തുകല്ല് മേലേ കുനിപ്പാല ഭാഗത്ത് നിന്ന് 5 വയസ്സ് പ്രായം തോന്നിക്കുന്ന കുട്ടിയുടെ മൃതദേഹം വെള്ളത്തിൽ ഒഴുകി എത്തി.

പോത്തുകല്ല് വില്ലേജ് പരിധിയിൽ വെള്ളിലമാട് ഒരു പുരുഷന്റെ മൃതദേഹം ഒഴുകിയെത്തി.

പോത്തുകല്ല് വില്ലേജ് പരിധിയിൽ മുക്കത്ത് പുഴയിൽ മറ്റൊരു മൃതദേഹവും കരക്കടിഞ്ഞു.

✪✪✪

നെടുംപൊയിൽ - മാനന്തവാടി ചുരം റോഡിൽ വിള്ളൽ രൂപപ്പെട്ടതിനെ തുടർന്ന് ഇത് വഴി ഗതാഗതം നിരോധിച്ചു. മാനന്തവാടിയിലേക്ക് പാൽ ചുരം റോഡ് വഴി പോകണമെന്ന് അധികൃതർ അറിയിച്ചു.

✪✪✪

വയനാട്ടിലെ ഉരുൾപൊട്ടൽ മേഖലയിൽ രക്ഷാപ്രവർത്തനം നടത്താൻ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് സൈന്യത്തിന് നിർദ്ദേശം നൽകി. സൈനിക മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയോട് സംസാരിച്ച അദ്ദേഹം രക്ഷാ പ്രവർത്തനത്തിന് സൈനികരെ അയക്കാൻ ആവശ്യപ്പെടുകയായിരുന്നു.

✪✪✪

രക്ഷാപ്രവർത്തനത്തിനായി ഏഴിമലയിൽ നിന്ന് നാവിക സേനാ സംഘം എത്തും. മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരമാണ് നേവിയുടെ റിവർ ക്രോസിംഗ് ടീമിന്റെ സഹായം ആണ് അഭ്യർത്ഥിച്ചത്.

✪✪✪

ഉരുൾപൊട്ടൽ മേഖലയിലെ രക്ഷാപ്രവർത്തനത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി സൈന്യത്തിന്റെ എഞ്ചിനീയറിംഗ് ഗ്രൂപ്പ് അടിയന്തരമായി വയനാട്ടിലെത്തും. മദ്രാസ് എഞ്ചിനിയറിംഗ് ഗ്രൂപ്പിലെ സൈനികർ ബാഗ്ലൂരിൽ നിന്നാണ് വയനാട്ടിൽ എത്തുക. ഉരുൾപൊട്ടലിൽ തകർന്ന പാലത്തിന് ബദൽ സംവിധാനം അടക്കം കാര്യങ്ങൾ അവർ തയ്യാറാക്കും.

മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം റവന്യു സെക്രട്ടറി കേരള - കർണാടക സൈനിക ചുമതക്കാരനായ മേജർ ജനറൽ V.T. മാത്യൂസുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം.

✪✪✪

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ഉത്തരമേഖല ഐജിയും കണ്ണൂർ ഡിഐജിയും വയനാട്ടിലെത്തും. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ക്രമസമാധാനവിഭാഗം ADGP ക്ക് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകി. കേരള ആംഡ് പോലീസ് നാല്, അഞ്ച് ബറ്റാലിയനുകൾ, മലബാർ സ്പെഷ്യൽ പോലീസ് ഉദ്യോഗസ്ഥരും വയനാട്ടിലേക്ക് തിരിച്ചു. ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ പ്രത്യേക പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരും

ഇക്കൂട്ടത്തിലുണ്ട്. മലപ്പുറം ജില്ലയിലെ രക്ഷാപ്രവർത്തനങ്ങൾക്ക് പ്രത്യേക പോലീസ് സംഘത്തെ നിയോഗിച്ചതായി DGP അറിയിച്ചു.

പോലീസ് ആസ്ഥാനത്തെ കൺട്രോൾ റൂമിൽ ലഭിക്കുന്ന വിവരങ്ങൾ അപ്പപ്പോൾ ദുരിതബാധിത പ്രദേശത്തെ തിരച്ചിൽ സംഘങ്ങൾക്ക് കൈമാറുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും DGP പറഞ്ഞു.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഓഫീസിൽ എത്തി സ്ഥിതി വിലയിരുത്തി. രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മനുഷ്യസാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുമെന്ന് അദ്ദേഹം അറിയിച്ചു. സൈന്യത്തിന്റെ സഹായവും തേടിയിട്ടുണ്ട്.

✪✪✪

എല്ലാ ജില്ലകളിലും കൺട്രോൾ റൂമുകൾ പ്രവർത്തനം ആരംഭിച്ചെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു . അപകട സാധ്യത മുന്നിൽ കാണുമ്പോൾ 1077, 1070 എന്ന ടോൾ ഫ്രീ നമ്പർ ഉപയോഗിക്കണമെന്നും മുഖ്യമന്ത്രി അറിയിച്ചു .

✪✪✪

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ഇന്നത്തെ എല്ലാ പൊതു പരിപാടികളും മാറ്റിവെക്കാൻ മുഖ്യമന്ത്രി നിർദേശം നൽകി.

✪✪✪

വയനാട്ടിലെ രക്ഷാപ്രവർത്തനത്തിന് ഡ്രോണുകളും പൊലീസ് ഡോഗ് സ്ക്വാഡിനെയും ഉപയോഗിക്കാൻ മുഖ്യമന്ത്രി നിർദ്ദേശിച്ചു. പോലീസിന്റെ ഡ്രോണുകൾ വിന്യസിച്ച് തിരിച്ചിൽ നടത്താൻ മുഖ്യമന്ത്രി നിർദേശം നൽകി .

✪✪✪

കോഴിക്കോട്ട് നിന്ന് ടെറിട്ടോറിയൽ ആർമി ബറ്റാലിയനും മെഡിക്കൽ സംഘവും വയനാട്ടിലേക്ക് പുറപ്പെട്ടു.

✪✪✪

കണ്ണൂർ ഡിഫൻസ് സെക്യൂരിറ്റി കോർപ്പസിലെ 67 സേനാംഗങ്ങൾ രണ്ടു KSRTC ബസുകളിലായി ആറ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കണ്ണൂരിൽ നിന്ന് വ യനാട്ടിലേക്ക് പുറപ്പെട്ടു.ഉപകരണങ്ങൾ അടങ്ങിയ രണ്ട് ട്രക്കും ആംബുലൻസും ഉൾപ്പെടെയാണ് പുറപ്പെട്ടത്.

✪✪✪

രക്ഷാപ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുകയാണെന്ന് മന്ത്രി കെ രാജൻ അറിയിച്ചു. നാല് NDRF സംഘങ്ങൾ ഉച്ചയോടെ എത്തുമെന്നും മന്ത്രി അറിയിച്ചു. വൈകുന്നേരത്തോടെ ആളുകളെ പൂർണമായും മാറ്റാമെന്നാണ് പ്രതീക്ഷയെന്നും മന്ത്രി പറഞ്ഞു.

✪✪✪

മുണ്ടക്കൈയിൽ നടന്ന ദുരന്തം വളരെയധികം ആഘാതമേറിയ പ്രകൃതി ദുരന്തമാണെന്ന് മന്ത്രി എ കെ ശശീന്ദ്രൻ പറഞ്ഞു. ചൂരൽമലയിൽ സന്ദർശനം നടത്തിയശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നുമന്ത്രി. പുലർച്ചെ രണ്ട് മണിക്ക് നടന്ന സംഭവത്തിൽ വലിയ നാശനഷ്ടങ്ങളാണ് ഉണ്ടായതെന്നും ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ചൂരൽമലയിൽ അടക്കം കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

ദുരന്ത സ്ഥലത്ത് NDRF, പോലീസ്, ഫയർ, റവന്യൂ, സന്നദ്ധ സംഘടനകൾ, വളണ്ടിയർമാർ, പ്രദേശവാസികൾ, നാട്ടുകാർ എന്നിവരുടെ കൂട്ടായ ഏകോപനത്തിൽ ശ്രമകരമായ രക്ഷാപ്രവർത്തനം നടക്കുകയാണ്. പരിക്കേറ്റവർക്ക് ആശുപത്രികളിൽ ചികിത്സ ഉറപ്പാക്കിയിട്ടുണ്ട്. രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിന് കൂടുതൽ മന്ത്രിമാർ ജില്ലയിൽ എത്തുമെന്നും എ കെ ശശീന്ദ്രൻ പറഞ്ഞു.

✪✪✪

കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മുൻകരുതൽ സ്വീകരിക്കാൻ പാലക്കാട് ജില്ലാ കളക്ടർക്ക് മന്ത്രി എം.ബി രാജേഷ് നിർദ്ദേശം നൽകി. എല്ലാവരും ജാഗ്രത പാലിക്കണമെന്നും ഭാരതപ്പുഴയുടെ തീരത്ത് താമസിക്കുന്നവർ കൂടുതൽ മുൻകരുതൽ സ്വീകരിക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു. ദുരന്തനിവാരണ അതോറിറ്റിയുടെയും മറ്റു അധികാരികളുടെയും നിർദ്ദേശങ്ങൾ കർശനമായി പാലിക്കണം.

ജനങ്ങളിൽ പരിഭ്രാന്തി പരത്തുന്ന തരത്തിൽ സന്ദേശങ്ങളും വിവരങ്ങളും പ്രചരിപ്പിക്കരുതെന്നും അത്തരക്കാർക്കെതിരെ കർശനമായ നിയമ നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

ഉരുൾ പൊട്ടലിന്റെ സാഹചര്യത്തിൽ മലപ്പുറം ,കോഴിക്കോട് തുടങ്ങിയ സമീപ ജില്ലകളിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ മന്ത്രി വീണ ജോർജ്ജ് നിർദ്ദേശം നൽകി. ആശുപത്രികളിൽ അധിക സൗകര്യങ്ങൾ ഒരുക്കാനും കൂടുതൽ ആരോഗ്യപ്രവർത്തകരെ നിയോഗിക്കാനും മന്ത്രി ആവശ്യപ്പെട്ടു. അവധിയെടുത്ത ആരോഗ്യപ്രവർത്തകർ അടിയന്തരമായി തിരികെ ജോലിയിൽ പ്രവേശിക്കാൻ മന്ത്രി നിർദ്ദേശിച്ചു.

തിരുവനന്തപുരത്ത് ചേർന്ന ഉന്നതതല യോഗത്തിലാണ് മന്ത്രിയുടെ നിർദേശം. കോഴിക്കോട് , കണ്ണൂർ മെഡിക്കൽ കോളേജുകളിൽ നിന്ന് ഡോക്ടർമാരുടെ സംഘം ദുരന്ത സ്ഥലത്തേക്ക് തിരിച്ചിട്ടുണ്ട്.

✪✪✪

വയനാട് മേപ്പാടിയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ കേന്ദ്രമന്ത്രിമാരുമായി സംസാരിക്കുമെന്നും വയനാടിന് സാധ്യമായ എല്ലാ സഹായങ്ങളുമെത്തിക്കുമെന്നും ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി അറിയിച്ചു. മുഖ്യമന്ത്രിയും ജില്ലാ കലക്ടറുമായും ഫോണിൽ സംസാരിച്ച് അദ്ദേഹം സ്ഥിതി വിലയിരുത്തി. ഊർജ്ജിതമായ രക്ഷപ്രവർത്തനം നടക്കുന്നുണ്ടെന്ന് അവർ അറിയിച്ചതായി അദ്ദേഹം സമൂഹമാധ്യമങ്ങളിൽ പറഞ്ഞു. എല്ലാ ഏജൻസികളുമായി ചേർന്ന് ഏകോപനം ഉണ്ടാക്കണമെന്ന് രാഹുൽ ഗാന്ധി ആവശ്യപ്പെട്ടു.

✪✪✪

വയനാട്ടിലെ ദുരന്തത്തിന്റെ വ്യാപ്തി എത്രമാത്രം വലുതാണെന്ന് ഇപ്പോൾ പറയാനാവില്ലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഫെയ്സ് ബുക്കിൽ കുറിച്ചു. മറ്റ് പരിപാടികളെല്ലാം റദ്ദാക്കി വയനാട്ടിലേക്ക് യാത്ര തിരിച്ചതായി അദ്ദേഹം അറിയിച്ചു. മുഖ്യമന്ത്രി, റവന്യൂ മന്ത്രി എന്നിവരുമായി സംസാരിച്ചു എന്നും രക്ഷാപ്രവർത്തനം ദുഷ്കരമാണെന്ന് വ്യക്തമായെന്നും അദ്ദേഹം പറഞ്ഞു. യു.ഡി.എഫ് -കോൺഗ്രസ് അംഗങ്ങൾ രക്ഷാ പ്രവർത്തനത്തിൽ സജീവമായി പങ്കാളികളാകണമെന്നും അപ്രതീക്ഷിത ദുരന്തത്തെ ഒറ്റക്കെട്ടായി അതിജീവിക്കാമെന്നും സതീശൻ പറഞ്ഞു.

✪✪✪

NHM സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. ജീവൻ ബാബുവിന്റെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ പ്രാദേശികമായി ഏകോപിപ്പിക്കും.ആരോഗ്യ മന്ത്രിയുടെ ഓഫീസിലും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും കൺട്രോൾ റൂമുകൾ ആരംഭിച്ചിട്ടുണ്ട്.

✪✪✪

തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്ത് പ്രത്യേക കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ചു. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമിലേയ്ക്ക് പൊതുജനങ്ങൾക്ക് വിവരങ്ങൾ നൽകാം.

✪✪✪

ബാണാസുസാഗർ അണക്കെട്ട് തുറന്നു. തീരദേശത്തുള്ളവർ ജാഗ്രത പാലിക്കണമെന്ന് വയനാട് ജില്ലാ കളക്ടർ അറിയിച്ചു .

✪✪✪

കോഴിക്കോട് വിലങ്ങാട് മലയങ്ങാട് ഭാഗത്തു ഉരുൾപൊട്ടി. ഒരാലളെ കാണാതായി. NDRF സംഘം രക്ഷാപ്രവർത്തനം തുടരുന്നു. മലയങ്ങാട് പാലം ഒലിച്ചു പോയി 12 കുടുംബങ്ങൾ ഒറ്റപ്പെട്ടു. നാലു വീടുകൾക്ക് കേടുപാടു സംഭവിച്ചു.

കടന്തറ പുഴയിൽ വെള്ളം കയറിയതിനെ തുടർന്ന് പൃക്കന്തോട്, സെന്റർ മുക്ക്, പീടികപ്പാറ പ്രദേശത്തെ പുഴയോരവാസികളെ നെല്ലിക്കുന്ന് ഷെൽട്ടറിലേക്ക് മാറ്റി.

✪✪✪

ബാണാസുസാഗർ അണക്കെട്ട് തുറന്നു. തീരദേശത്തുള്ളവർ ജാഗ്രത പാലിക്കണമെന്ന് വയനാട് ജില്ലാ കളക്ടർ അറിയിച്ചു .

✪✪✪

കോഴിക്കോട് ജില്ലയിലെ മലയോരമേഖലയിൽ പുഴകൾ കരകവിഞ്ഞൊഴുകുന്നു. തിരുവമ്പാടി, പുല്ലൂരാംപാറ പ്രദേശങ്ങൾ ഒറ്റപ്പെട്ടു. കൊടിയത്തൂരിൽ വെള്ളം കയറിയതിനെത്തുടർന്ന് മുപ്പതോളം കുടുംബങ്ങളേയും ഓമശ്ശേരി പഞ്ചായത്തിലെ നടമ്മൽ പൊയിലിൽ 22 കുടുംബങ്ങളേയും മാറ്റി പാർപ്പിച്ചിട്ടുണ്ട്.

✪✪✪

കക്കയം ഡാമിലെ ജലനിരപ്പ് ഉയർന്ന സാഹചര്യത്തിൽ ചുവപ്പുജാഗ്രത പ്രഖ്യാപിച്ചു. രണ്ട് ഷട്ടറുകളും വിവിധ ഘട്ടങ്ങളിലായി നാല് അടി വീതം ഉയർത്തി. മഴയും നീരൊഴുക്കും തുടർന്നാൽ ഇനിയും ഷട്ടറുകൾ ഉയർത്തേണ്ടിവരുമെന്ന് അധികൃതർ അറിയിച്ചു.

✪✪✪

തൃശൂർ ജില്ലയിലെ പല ഭാഗങ്ങളിലും വെള്ളം കയറി വീടുകളിൽ നിന്നും ജനങ്ങളെ മാറ്റിപ്പാർപ്പിച്ചു . ചാലക്കുടിപ്പുഴ ഈ വർഷത്തെ ഏറ്റവും ഉയർന്ന ജലനിരപ്പിലേക്കാണ് എത്തിക്കൊണ്ടിരിക്കുന്നത്. ഗായത്രി പുഴയും, ചീരക്കുഴി അണക്കെട്ട് പ്രദേശത്തും ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് ആളുകളെ മാറ്റിപ്പാർപ്പിച്ചു. പഴയന്നൂർ മേഖല പൂർണമായി വെള്ളക്കെട്ടിലാണ്.

വടക്കാഞ്ചേരിയിൽ പല പ്രദേശങ്ങളും വെള്ളത്തിൽ മുങ്ങി. വടക്കാഞ്ചേരി റെയിൽവെ സ്റ്റേഷനിലെ നാല് ട്രാക്കുകളിൽ രണ്ട് ട്രാക്കുകൾ പൂർണമായും വെള്ളത്തിനടിയിലായി.

✪✪✪

ചാലക്കുടിപ്പുഴ ഈ വർഷത്തെ ഏറ്റവും ഉയർന്ന ജലനിരപ്പിലേക്ക് എത്തുകയാണ്. തൃശൂർ ജില്ലയിലെ പല ഭാഗങ്ങളിലും വെള്ളം കയറി വീടുകളിൽ നിന്നും ജനങ്ങളെ മാറ്റിപ്പാർപ്പിച്ചു വരുന്നു.

✪✪✪

പാലക്കാട് ജില്ലയിലെ ചുരം റോഡുകളിലൂടെ യാത്രക്കും വെള്ളച്ചാട്ടങ്ങളിലേക്കു പ്രവേശനത്തിനും നിയന്ത്രണം ഏർപ്പെടുത്തി.

നെല്ലിയാമ്പതി ചുരം, അട്ടപ്പാടി ചുരം റോഡുകളിലൂടെ ഗതാഗതത്തിന് ജില്ലാ കലക്ടർ മുഴുവൻ സമയ നിയന്ത്രണമാണ് ഏർപ്പെടുത്തിയിരിക്കുന്നത് പൊതുഗതാഗതവും പ്രദേശവാസികളുടെ അത്യാവശ്യഘട്ടങ്ങളിലുള്ളതും തോട്ടം മേഖലയിലെ ചരക്കു ഗതാഗതവും ഒഴികെ യാത്രകൾക്കാണ് വെളിയാഴ്ച വരെ നിരോധനം.

✪✪✪

പാലക്കാട് കയറാടി വില്ലേജ് മൈലാടും പരിതയിൽ ഉരുൾ പൊട്ടി. 12 കുടുംബങ്ങളെ തിരു ഹൃദയ ദൈവാലയ ഹാളിലേയ്ക്ക് മാറ്റി പാർപ്പിച്ചു .

പാലക്കാട് വടവന്നൂരിൽ പുഴപ്പാലം കര കവിഞ്ഞു ഒഴുകിയതിനെ തുടർന്ന് 15 വീടുകളിലെ 50 പേരെ ചൈതന്യ കല്യാണമണ്ഡപത്തിലേക്ക് മാറ്റി .

✪✪✪

തൃശൂർ ജില്ലയിലെ പല ഭാഗങ്ങളിലും വെള്ളം കയറി വീടുകളിൽ നിന്നും ജനങ്ങളെ മാറ്റിപ്പാർപ്പിച്ചു ഗായത്രി പുഴയും, ചീരക്കുഴി അണക്കെട്ട് പ്രദേശത്തും ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് ആളുകളെ മാറ്റിപ്പാർപ്പിച്ചു. പഴയന്നൂർ മേഖല പൂർണമായി വെള്ളക്കെട്ടിലാണ്.

വടക്കാഞ്ചേരിയിൽ പല പ്രദേശങ്ങളും വെള്ളത്തിൽ മുങ്ങി. വടക്കാഞ്ചേരി റെയിൽവെ സ്റ്റേഷനിലെ നാല് ട്രാക്കുകളിൽ രണ്ട് ട്രാക്കുകൾ പൂർണമായും വെള്ളത്തിനടിയിലായി.

✪✪✪

അടപ്പാടി, നെല്ലിയാമ്പതി വിനോദ സഞ്ചാര കേന്ദ്രങ്ങൾ അടച്ചു. പാലക്കാട് ജില്ലയിലെ വെള്ളച്ചാട്ടങ്ങളിലേക്ക് വിനോദ സഞ്ചാരികളുടെ പ്രവേശനം വെള്ളിയാഴ്ച വരെ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. തൃശ്ശൂർ അതിരപ്പിള്ളി, വാഴച്ചാൽ വിനോദ സഞ്ചാര കേന്ദ്രങ്ങളും അടച്ചു.

✪✪✪

പാലക്കാട് കയറാടി വില്ലേജ് മൈലാടും പരിതയിൽ ഉരുൾ പൊട്ടി. 12 കുടുംബങ്ങളെ തിരു ഹൃദയ ദൈവാലയ ഹാളിലേയ്ക്ക് മാറ്റി പാർപ്പിച്ചു .

പാലക്കാട് വടവന്നൂരിൽ പുഴപ്പാലം കര കവിഞ്ഞു ഒഴുകിയതിനെ തുടർന്ന് 15 വീടുകളിലെ 50 പേരെ ചൈതന്യ കല്യാണമണ്ഡപത്തിലേക്ക് മാറ്റി .

✪✪✪

മഴ ശക്തമായ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സന്ദർശകർക്ക് വിലക്കേർപ്പെടുത്തി.

വടകര മുനിസിപ്പാലിറ്റിയിൽ 15 കുടുംബങ്ങളെ സൈക്ലോൺ ഷെൽട്ടറി ലേക്ക് മാറ്റി. കൈതപ്പൊയിൽ - ആനോറമ്മൽ വള്ളിയാട് റോഡിൽ രൂക്ഷമായ മണ്ണിടിച്ചിൽ'7 കുടുംബങ്ങളെ മാറ്റി താമസിപ്പിച്ചു .

✪✪✪

കണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്കിൽ കതിരൂർ സൈക്ലോൺ ഷെൽറ്ററിൽ ഒരു ദുരിതാശ്വാസ ക്യാമ്പ് തുറന്നു. നിലവിൽ രണ്ടു കുട്ടികളടക്കം 11 പേർ ക്യാമ്പിൽ ഉണ്ട്.

ഇരിട്ടി താലൂക്കിൽ ചാവശ്ശേരി പോസ്റ്റ് ഓഫീസിനടുത്ത് വലിയ പാറ ഇടിഞ്ഞതിനെ തുടർന്ന് അഞ്ച് കുടുംബങ്ങളെ ബന്ധു വീടുകളിലേക്ക് മാറ്റി. ഇരിട്ടി താലൂക്കിൽ 50 ഓളം കുടുംബങ്ങളെ മഴ കനത്തതിനെ തുടർന്ന് ബന്ധു വീടുകളിലേക്ക് മാറ്റിയതായി ഇരിട്ടി തഹസിൽദാർ അറിയിച്ചു.

✪✪✪

കോഴിക്കോട് - വാഴക്കാട് എടവണ്ണപ്പാറ സംസ്ഥാന പാതയിൽ വാലില്ലാപ്പുഴയിൽ റോഡിൽ വെള്ളം കയറിയതിനെ തുടർന്ന് ഗതാഗതം നിരോധിച്ചു.

✪✪✪

നിലവിലെ ഉപഗ്രഹ റഡാർ സൂചന പ്രകാരം അടുത്ത 24 മണിക്കൂർകൂടി സംസ്ഥാനത്ത് പ്രത്യേകിച്ച് മധ്യകേരളം മുതൽ വടക്കൻ കേരളം വരെ അതിശക്തമായ മഴ തുടരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു .

✪✪✪

അതിനിടെ, സംസ്ഥാനത്ത് മഴ അതിശക്തമായി തുടരുന്നു. അതിതീവ്ര മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ഇന്ന് വയനാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പു ജാഗ്രത നൽകി. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

സംസ്ഥാനത്ത് ശനിയാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

വള്ളത്തോൾ നഗറിനും വടക്കാഞ്ചേരിക്കുമിടയിൽ റെയിൽപ്പാളത്തിൽ വൻ വെള്ളക്കെട്ടായതിനാൽ ഇന്ന് ഏതാനും ട്രെയിനുകൾ പൂർണമായും, ചില ട്രെയിനുകൾ ഭാഗികമായും റദ്ദാക്കിയതായി റെയിൽവെ അറിയിച്ചു. ഗുരുവായൂർ- തൃശൂർ - ഗുരുവായൂർ, ഷൊർണൂർ-തൃശൂർ- ഷൊർണൂർ ട്രെയിനുകളാണ് റദ്ദാക്കിയത്.

കണ്ണൂർ- തിരുവനന്തപുരം ജനശതാബ്ദി എക്സ്പ്രസ്, കണ്ണൂർ - ആലപ്പുഴ ഇന്റർസിറ്റി എക്സ്പ്രസ്, മംഗളൂരു- കന്യാകുമാരി പരശുറാം എക്സ്പ്രസ് ട്രെയിനുകൾ ഷൊർണൂരിൽ യാത്ര അവസാനിപ്പിക്കും.

കോഴിക്കോട്- തിരുവനന്തപുരം ജനശതാബ്ദി എക്സ്പ്രസ്, കോഴിക്കോടിനും എറണാകുളത്തിനുമിടയിൽ റദ്ദാക്കി. ഈ ട്രെയിൻ എറണാകുളത്തു നിന്നായിരിക്കും തിരുവനന്തപുരത്തേക്ക് പുറപ്പെടുക.

കന്യാകുമാരി- മംഗളൂരു പരശുറാം എക്സ്പ്രസ് ഷൊർണൂരിൽ നിന്ന് മംഗലാപുരത്തേക്ക് യാത്ര തിരിക്കും.

നിലമ്പൂർ-കോട്ടയം എക്സ്പ്രസ് അങ്കമാലിയിൽ നിന്നായിരിക്കും പുറപ്പെടുക.

ഷൊർണൂർ- തിരുവനന്തപുരം വേണാട് എക്സ്പ്രസ് ചാലക്കുടിയിൽ നിന്നും പുറപ്പെടും.

ആലപ്പുഴ- കണ്ണൂർ ഇന്റർസിറ്റി ഷൊർണൂരിൽ നിന്നായിരിക്കും കണ്ണൂരിലേക്ക് പുറപ്പെടുക.

പാലക്കാട്- തിരുനെൽവേലി പാലരുവി ആലുവയിൽ നിന്ന് പുറപ്പെടും.

എറണാകുളം - ഹസ്രത്ത് നിസാമുദ്ദീൻ മംഗള ലക്ഷദ്വീപ് എക്സ്പ്രസ് മൂന്ന് മണിക്കൂർ വൈകി ഉച്ചകഴിഞ്ഞ് 1-30 നാണ് പുറപ്പെടുക.

✪✪✪

സംസ്ഥാനത്തെ 49 തദ്ദേശ വാർഡുകളിൽ ഉപതെരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് പുരോഗമിക്കുന്നു. വൈകീട്ട് ആറു വരെയാണ് വോട്ടെടുപ്പ്. വയനാട് ഒഴികെ 13 ജില്ലകളിലെ ഒരു ജില്ലാ പഞ്ചായത്ത്, നാല് ബ്ലോക്ക് പഞ്ചായത്ത്, ആറ് മുനിസിപ്പാലിറ്റി, 38 ഗ്രാമ പഞ്ചായത്ത് വാർഡുകളിലാണ് ഉപതെരഞ്ഞെടുപ്പ് നടക്കുന്നത്.

വോട്ടെണ്ണൽ നാളെ രാവിലെ 10 ന് വിവിധ കേന്ദ്രങ്ങളിൽ നടക്കും.

✪✪✪

**ഡൽഹിയിൽ സിവിൽ സർവീസ് പരിശീലന കേന്ദ്രത്തിൽ വെള്ളം കയറി മരണമടഞ്ഞ വിദ്യാർത്ഥി നെവിൻ ഡാൽവിന്റെ മൃതദേഹം തിരുവനന്തപുരത്ത് എത്തിച്ചു. സംസ്ഥാന ഗവൺമെന്റിന് വേണ്ടി മന്ത്രി വി ശിവൻകുട്ടി അന്ത്യോപചാരം അർപ്പിച്ചു.**

✪✪✪

**പാരീസ് ഒളിംപിക്സിൽ നാലാം ദിവസമായ ഇന്ന് വ്യക്തിഗത ഇനങ്ങളുടെ ആദ്യ റൗണ്ട് ആരംഭിക്കും.**

**ബാഡ്മിന്റൻ പുരുഷ വിഭാഗം ഡബിൾസിൽ ഇന്ത്യയുടെ സാത്വിക്-ചിരാഗ് സഖ്യം ക്വാർട്ടർ ഫൈനലിൽ കടന്നു.**

**പുരുഷ വിഭാഗം ഹോക്കിയിൽ ഇന്ത്യ ഇന്ന് അയർലൻഡിനെ നേരിടും.**

**10 മീറ്റർ എയർ പിസ്റ്റൾ മിക്സഡ് ടീം ഇവന്റിൽ ഇന്ത്യയുടെ രണ്ടാം മെഡലിനായി മനു ഭാക്കറും സരബ്ജോത് സിംഗും ഇന്ന് മത്സരിക്കും. ദക്ഷിണ കൊറിയൻ ടീമിനെയാണ് ഇവർ നേരിടുക.**

✪✪✪